**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **10-10-2024 - ൽ മറുപടിയ്ക്ക്**

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2017-18ലെ ബഡ്ജറ്റിൽ 50 കോടി രൂപ അനുവദിച്ചിട്ടുള്ള തൃശൂർ-കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതി കൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് ഡി.പി.ആർ തയ്യാറാക്കി 27.12.2019 ൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ഈ റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.എൽ.എ. എന്നിവർ ചേർന്ന 20.04.2022 ൽ നടന്ന യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചു. എന്നാൽ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചാണ്. അതിനാൽ പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുന്നതിന് തീരുമാനിച്ചതിനെ തുടർന്ന് 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള ഡി.പി.ആർ ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതി കൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് ഡി.പി.ആർ തയ്യാറാക്കി 27.12.2019 ൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ഈ റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.എൽ.എ. എന്നിവർ ചേർന്ന 20.04.2022 ൽ നടന്ന യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചു. എന്നാൽ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചാണ്. അതിനാൽ പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുന്നതിന് തീരുമാനിച്ചതിനെ തുടർന്ന് 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള ഡി.പി.ആർ ന്റെ ന്യൂനതകൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (സി) | അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി കരാറുകാരന് സൈറ്റ് കൈമാറിയത് എന്നാണെന്നും പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പുതുക്കിയ ഡി.പി.ആർ. പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിച്ചത് എന്നാണെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (സി) | അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 14.08.2022 ൽ സൈറ്റ് കരാറുകാരന് കൈമാറുകയും 06.02.2024 ൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് 05.07.2024 ൽ പുതുക്കിയ ഡി.പി.ആർ പ്രൊജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ അന്തിമാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) | ഉണ്ട്, പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു 11.07.2024 ൽ പുനഃ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നതിന് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെട്ട കേച്ചേരി ജംഗ്ഷൻ വികസനം ആദ്യഘട്ടത്തിൽ നടപ്പിലാക്കാനാകുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്, പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു 11.07.2024 ൽ പുനഃ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നതിന് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെട്ട കേച്ചേരി ജംഗ്ഷൻ വികസനം ആദ്യഘട്ടത്തിൽ നടപ്പിലാക്കാനാകുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ